ബന്ധിപ്പിച്ചുകൊണ്ടാണ് കമ്പ്യൂട്ടർ ശൃംഖലക്ക് (ആർ.ഡി.നെറ്റ്) രൂപം നൽകിയിട്ടുള്ളത്. ഇത് ഗ്രാമ വികസന വകുപ്പിലെ ബ്ലോക്ക്, ഡി.ആർ.ഡി.എ. കമ്പ്യൂട്ടറുകളെ ഗ്രാമവികസന കമ്മീഷണറാഫീസിലെ കമ്പ്യൂട്ടർ ഡിവിഷനുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ശൃംഖലയാണ്.

(സി) ഭരണാനുമതി നൽകി കഴിഞ്ഞ സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിലാണ്. പ്രസ്തുത സ്കൂളിന്റെ ഒന്നാംഘട്ടം അടുത്ത അദ്ധ്യയനവർഷം തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ഇന്ത്യാ ഗവൺമെന്റിന്റെ മാനവശേഷി വികസന മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു ഏജൻസിയായ എജ്യൂക്കേഷൻ കൺസൾട്ടൻസ് ഓഫ് ഇന്ത്യാ ലിമിറ്റഡിനെ 1.10.1999 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം: 139/99/ഐ.ടി.ഡി.പ്രകാരം കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. സ്കൂൾ പ്രവർത്തനക്ഷമമാക്കുന്നതിന്റെ മുന്നോടിയായി വ്യവസായ/വിദ്യാഭ്യാസരംഗത്തെ വിദഗ്ധരുമായി ചർച്ച നടത്തികഴിഞ്ഞു. സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി രൂപീകരിക്കുന്ന കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ അംഗീകരിക്കുക, ഇടക്കാലകാമ്പസിന്റെ ഡിസൈൻ അംഗീകരിക്കുക ആർക്കിടെക്ടിനെ നിയമിച്ച് കരാർ ഉറപ്പിക്കുക, ഇടക്കാല കാമ്പസിന്റെ പദ്ധതി ചെലവ് അംഗീകരിക്കുക, അക്കാദമിക് അഡ്വൈസറി കൗൺസിൽ രൂപീകരിക്കുക തുടങ്ങിയവയ്ക്കും, ഇവയ്ക്കുണ്ടാകുന്ന പ്രാഥമികവും സാന്ദർഭികവുമായ ചെലവുകൾ വഹിക്കുന്നതിനും സ്കൂൾ സ്ഥാപിക്കുന്നതിന്റെ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സിക്ക് അധികാരം കൈമാറിയിട്ടുണ്ട്. ഈ ആവശ്യത്തിനായി 3 കോടി രൂപാ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഡി) സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (സിറ്റ്മാ)ന്റെ ഒന്നാംഘട്ടപ്രവർത്തനം 2000-2001 അദ്ധ്യയനവർഷം ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യ നടപ്പിലാകുമ്പോൾ ഭരണസംവിധാനം സുതാര്യവും ഉൽപ്പാദനപരവും ആയിരിക്കുമെന്നും കണക്കാക്കുന്നു. സർക്കാർ സേവനമേഖലകൾ പൊതുജനങ്ങളിലേക്ക് വേഗത്തിലും മെച്ചപ്പെട്ട രീതിയിലും എത്തിക്കുവാൻ കഴിയും. ഇതുമൂലം അഴിമതി രഹിത ഭരണം പ്രദാനം ചെയ്യാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ട്. കൂടാതെ ഐ.ടി. വ്യവസായ വികസനം വഴി സാമ്പത്തിക വികസനം ത്വരിതപ്പെടുത്താനും എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിത നിലവാരംമെച്ചപ്പെടുത്താനും കഴിയും.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിസഭാംഗങ്ങളുടെ ടി.എ., ടെലിഫോൺ ചാർജ്ജ് തുടങ്ങിയവയ്ക്ക് ചെലവായ തുക

1 (1)ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. എം.കെ. മുനീർ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവർ ഓരോരുത്തരും ടി.എ., ഡി.എ., ടെലിഫോൺ ചാർജ്ജ്, ഹോസ്പിറ്റാലിറ്റി ചാർജ്ജ് എന്നീ ഇനങ്ങളിൽ ഇതുവരെ എത്ര രൂപ വാങ്ങിയിട്ടുണ്ട്;

(ബി) നടപ്പു സാമ്പത്തികവർഷം ഓരോ മന്ത്രിമാരും ഈ ഇനത്തിൽ ഓരോന്നിലും എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ട്;

(സി) ഈയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയതിൽ കൂടുതൽ തുക ചെലവാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതുമുതൽ 1999 ഡിസംബർ 1-ാം തീയതി വരെ മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവർ കൈപ്പറ്റിയ ടി.എ., ഡി.എ., വിമാന യാത്രക്കൂലിയിനത്തിൽ ചെലവായ തുക (വിദേശ യാത്രാചെലവ് ഒഴികെ). ഹോസ്പിറ്റാലിറ്റി ചാർജ്ജ് എന്നീ ഇനങ്ങളിൽ താൽക്കാലിക കണക്ക് പ്രകാരം ആകെ 1,79,93,978/- രൂപ (ഒരു കോടി എഴുപത്തി ഒൻപതുലക്ഷത്തി തൊണ്ണൂറ്റി മൂന്നായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ടു രൂപ മാത്രം) ഇതുവരെ ചെലവായിട്ടുണ്ട്. ടെലിഫോൺ ചാർജ്ജ് സംബന്ധിച്ചുള്ള വിവരവും മറ്റു ഇനങ്ങളിൽ ഓരോരുത്തർക്കും ചെലവായ തുകയെ സംബന്ധിക്കുന്ന വിവരവും ശേഖരിച്ചുവരുന്നു.

(ബി) നടപ്പു സാമ്പത്തികവർഷം ഈ ഇനത്തിൽ താൽക്കാലിക കണക്കു പ്രകാരം ആകെ 32,89,862/- രൂപ (മുപ്പത്തിരണ്ടു ലക്ഷത്തി എൺപത്തൊൻപതിനായിരത്തി എണ്ണൂറ്റി അറുപത്തിരണ്ടു രൂപ മാത്രം) ചെലവാക്കിയിട്ടുണ്ട്. ഓരോ മന്ത്രിമാർക്കും ചെലവായ തുകയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ടി.എ., ഡി.എ., ഹോസ്പിറ്റാലിറ്റി ചാർജ്ജ് എന്നീ ഇനങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയതിൽ കൂടുതൽ തുക നടപ്പു സാമ്പത്തികവർഷം ചെലവാക്കിയിട്ടില്ല.

മന്ത്രിമാർക്ക് അനുവദിച്ചിട്ടുള്ള ടെലിഫോൺ സൗകര്യം

2 (2)ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിമാരിൽ എത്ര പേർക്ക് മൊബൈൽ ഫോൺ, പേജർ എന്നിവ ഗവൺമെന്റിൽനിന്നും നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം മന്ത്രിമാരുടെ ഓഫീസിൽ ടെലിഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്;

(സി) എന്നു മുതലാണ് മന്ത്രിമാരുടെ ഓഫീസിൽ ടെലിഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിച്ചത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആർക്കും നൽകിയിട്ടില്ല. മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും സെല്ലുലാർ ഫോണുകൾ വാങ്ങുന്നതിന് 7.12.1999-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly